SUNDAY 02.06.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/06/2024

1. നാളികേര വികസന കൗൺസിൽ വയനാട് ജില്ലയിൽ തെങ്ങിൻ തൈകളുടെ വിതരണം ആരംഭിച്ചതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ബത്തേരി, മാനന്തവാടി ബ്ലോക്കുകളിലെ കൃഷിഭവനുകളിൽ തൈ വിതരണം ആരംഭിച്ചു. നാളികേര വികസന കൗൺസിൽ 50 ശതമാനം സബ്സ്ഡി നിരക്കിലാണ് തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നത്. നെടിയ ഇനം തെങ്ങിൻ തൈകൾക്ക് 50 രൂപയും ഹൈബ്രിഡിന് 125 രൂപയുമാണ് ഗുണഭോക്തൃ വിഹിതമായി അടക്കേണ്ടത്. ജില്ലയിൽ ആകെ 31800 നെടിയ ഇനം തെങ്ങിൻ തൈകളും 5000 ഹൈബ്രിഡ് തെങ്ങിൻ തൈകളുമാണ് വിതരണം ചെയ്യുന്നത്. ജില്ലയിലെ എല്ലാ കൃഷിഭവനുകളിലും ജൂൺ 30 ഓടെ തൈ വിതരണം പൂർത്തിയാകും. ആവശ്യമുള്ളവർ കൃഷിഭവനുകളുമായി ബന്ധപ്പെടണം.

2. 2024-25 വർഷത്തെ പുഞ്ചകൃഷിക്കുള്ള നെൽവിത്ത് ആലപ്പുഴ ജില്ലയിൽ മുഴുവൻ കർഷകർക്കും മുൻ വർഷങ്ങളിൽ ലഭിച്ചിരുന്നതുപോലെ സൗജന്യമായി നൽകുന്നതിന് കൃഷിവകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

3. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല കൃഷിഭവനിൽ, ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രത്തിൽ നിന്നുള്ള ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണത്തിന് എത്തിയിട്ടുണ്ട്. തൈ ഒന്നിന് 50 രൂപയാണ് വില. ആവശ്യമുള്ളവർ കൃഷിഭവനുമായി ബന്ധപ്പെടുക.

4. വനം വകുപ്പിന്റെ കണ്ണോത്ത് ഗവ. ടിമ്പർ ഡിപ്പോയിൽ തേക്ക് തടികളുടെ വിൽപന ജൂൺ മൂന്നിന് നടക്കും. കണ്ണവം റേഞ്ച് 1957, 1959, 1960 തേക്ക് തോട്ടത്തിൽ നിന്നും ശേഖരിച്ച വിവിധ ക്ലാസിൽപെട്ട തേക്ക് തടികൾ വിൽപനക്കുണ്ട്. ഓൺലൈൻ ലേലത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ www.mstcecommerce.com വഴി രജിസ്റ്റർ ചെയ്യണം. കണ്ണോത്ത് ഗവ. ടിന്റർ ഡിപ്പോയിലും രജിസ്ട്രേഷൻ നടത്താം. രജിസ്ട്രേഷൻ നടത്തുന്നതിന് പാൻകാർഡ്, ആധാർ/തിരിച്ചറിയൽ കാർഡ്, ഇ-മെയിൽ വിലാസം, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ സഹിതം ഗവ. ടിമ്പർ ഡിപ്പോയിൽ ഹാജരാകണം. ഫോൺ: 0490 2302080, 9562639496.

5. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 12 പശുക്കളെ ജൂൺ മാസം 12 ന് (12.06.2024) രാവിലെ 11 മണിയ്ക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി ടി പശുക്കൾക്ക് രണ്ടായിരം (2000/-) രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. സർക്കാർ പൊതുമേഖലാസ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉൽപ്പാദിപ്പിക്കുന്ന 2 മാസം പ്രായമായ ഗ്രാമശ്രീ ഇന ത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ഈ മാസം 20 (20/05/2024) മുതൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000915, 0471-2468585 എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണിവരെ കോഴിക്കുഞ്ഞുങ്ങളെ ബുക്ക് ചെയ്യാവുന്നതും, വാങ്ങാവുന്നതുമാണ്

7. കാർഷിക സർവ്വകലാശാലയുടെ കീഴിൽ എറണാകുളം ജില്ലയിലെ ഓടക്കാലിയിൽ പ്രവർത്തിക്കുന്ന സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിൽ ഇഞ്ചിപ്പുല്ല് വിത്തുകൾ (seeds fluff) കിലോയ്ക്ക് 3700/- രൂപ എന്ന നിരക്കിൽ വിൽപ്പനയ്ക്ക്

ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9744943832, 8075169701 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

8. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രിണർഷിപ്പ് ആന്റ് മാനേജ്മെന്റും (NIFTEM –T) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയവും സംയുക്തമായി ഫുഡ് സേഫ്റ്റി എന്ന വിഷയത്തിൽ ജൂൺ 7 ന് രാവിലെ 10 മണി മുതൽ 4.00 മണി വരെ ഒരു ദേശീയ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9894244344, 9080153435 എന്നീ ഫോൺ നമ്പരുകളിലോ niftemt.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം